# ഖരമാലിന്യശേഖരം: വിവാദം ചൂടുപിടിക്കുന്നു

വി. രാജഗോപാൽ

**ഭോപ്പാൽ:** ആയിരങ്ങളെ കൊന്നൊടുക്കുകയും പതിനായിരങ്ങളെ തീരാദുരിതങ്ങളിലേക്ക് തള്ളിവിടുകയും ചെയ്ത വിഷവാതകദുരന്തത്തിന്റെ 25-ാം വാർഷികത്തിന്ന് മൂന്ന് ദിവസം മാത്രം ബാക്കിയിരിക്കെ ഫാക്ടറി വളപ്പിലെ മാരകമായ മാലിന്യശേഖരങ്ങളെച്ചൊല്ലിയുള്ള വിവാദം രൂക്ഷമാവുന്നു.

യൂനിയൻ കാർബൈഡ് ഏറ്റെടുത്ത അമേരിക്കൻ കമ്പനിയായ ഡൗ കെമിക്കൽസിന്റെ ചുവടുപിടിച്ച് സംസ്ഥാന സർക്കാരാണ് ഖരമാലിന്യശേഖരമില്ലെന്ന് ആവർത്തിച്ചുപറയുന്നത്. എന്നാൽ, ഫാക്ടറിക്കുചുറ്റും ചേരികളിലും മറ്റും കഴിയുന്ന പാവങ്ങളായ പതിനായിരങ്ങളെ ഇഞ്ചിഞ്ചായി കൊല്ലുന്ന മാരകമായ രാസവസ്തുക്കളുടെ അപകടകരമായ സാന്നിധ്യത്തെക്കുറിച്ച് പലരും ചൂണ്ടിക്കാട്ടുന്നുണ്ട്. ഫാക്ടറിവളപ്പിനുള്ളിൽ പതിനായിരം ടൺ ഖരമാലിന്യങ്ങളുണ്ടെന്ന തെളിവുകളുമായി കാർബൈഡിലെ പഴയ പ്രൊഡക്ഷൻ സൂപ്രവൈസർ ഖമർ സയ്യിദ് ഖാൻ രംഗത്തെത്തിയത് വഴിത്തിരിവായി മാറി.



കാർബൈഡ് ഫാക്ടറിക്കുമുന്നിലെ 'അമ്മയും കുഞ്ഞും' ശില്പം


ഖമർ സയ്യിദ്ഖാൻ

1972 മുതൽ '85 വരെ കാർബൈഡിൽ ജോലി ചെയ്തിരുന്ന 57-കാരനായ സയ്യിദ് ഖാൻ ഫാക്ടറിയിലെ മാരകമായ വസ്തുക്കൾ ഒഴിവാക്കുന്നതിനും മെഷിനറികളും ഉപകരണങ്ങളും റീറോളിങ് നടത്തുന്നതിനും കരാറെടുത്തിരുന്നതാണ്. 1993-ൽ തുടങ്ങിയ ജോലി രണ്ടു വർഷത്തോളം തുടരുന്നതിനിടയിലാണ് പെട്ടെന്ന് അത് നിർത്തിവെക്കാൻ ആവശ്യപ്പെടുന്നത്. രണ്ടുകൊല്ലംകൊണ്ട് 120 ടൺ മാരകമായ രാസവസ്തുക്കൾമാത്രമാണ് മാറ്റാൻ കഴിഞ്ഞതെന്ന് ഖാൻ പറഞ്ഞു.

പെട്ടെന്നൊരു ദിവസം ജോലി നിർത്തിവെക്കാനാവശ്യപ്പെടുമ്പോൾ ഫാക്ടറി വളപ്പിലെ വിവിധ കേന്ദ്രങ്ങളിലായി ടൺകണക്കിന് മാലിന്യക്കൂമ്പാരമുണ്ടായിരുന്നു. പലതും പുറത്തു തന്നെയായിരുന്നു. 1969-ൽ ഫാക്ടറി പ്രവർത്തനമാരംഭിച്ചശേഷം വാതകദുരന്തമുണ്ടാകുന്ന 1984 വരെയുള്ള 15 കൊല്ലക്കാലത്തെ മാലിന്യശേഖരം മുഴുവനും ഫാക്ടറിവളപ്പിൽത്തന്നെ കുഴിച്ചുമൂടുകയായിരുന്നു. ഇങ്ങനെയുള്ള മാലിന്യശേഖരത്തിന്റെ ശരിയായ അളവ് തിട്ടപ്പെടുത്താനാവില്ലെങ്കിലും 8000 മെട്രിക് ടണ്ണെങ്കിലും വരുമെന്നാണ് ഏകദേശ കണക്ക്- ഇപ്പോൾ താത്കാലികമായി കെമിക്കൽ ഇൻഡസ്ട്രിയൽ ട്രെയിനിങ് കൺസൾട്ടന്റായി ജോലിചെയ്യുന്ന ഖാൻ പറയുന്നു.




കുഴിച്ചുമൂടിയ 8000 മെട്രിക് ടൺ മാലിന്യശേഖരത്തിനു പുറമെ സോളാർ ഇവാപറേഷൻ കേന്ദ്രത്തിൽ 15 അടി ഉയരമുള്ള കൂമ്പാരമായി കിടക്കുന്ന മാരകമായ രാസവസ്തുക്കൾ പതിനായിരം മെട്രിക് ടണ്ണെങ്കിലും വരും. ഭൂഗർഭജലത്തിലൂടെയും മലിനീകരണത്തിലൂടെയും സമീപവാസികൾക്ക് ഗുരുതരമായ ഭീഷണിയായിമാറുന്നത് ഈ മാലിന്യ ശേഖരമാണെന്നും ഭോപ്പാൽ ഗ്യാസ് പീഡിത് മഹിളാ ഉദ്യോഗ് സംഘടൻ (ബി.ജി.പി.എം.യു.എസ്.) നേതാവ് അബ്ദുൾ ജബാർ ചൂണ്ടിക്കാട്ടി. ഫാക്ടറിക്കുപുറത്ത് ചോല ദസറാ മൈതാനത്തിനടുത്ത് 16 സ്ഥലങ്ങളിലായി ഇത്തരത്തിലുള്ള രാസവസ്തുക്കളുടെ കൂമ്പാരങ്ങളുണ്ട്.

ഫാക്ടറി കോമ്പൗണ്ടിനകത്തും പുറത്തും മാരകമായ മാലിന്യശേഖരങ്ങളുണ്ടെന്ന കാര്യത്തിൽ ഖമർ സയ്യിദ്ഖാന് സംശയമില്ല. ഇത്രയും കൊല്ലങ്ങൾ കഴിഞ്ഞതിനാൽ രാസവസ്തുക്കളുടെ വീര്യം കുറഞ്ഞിട്ടുണ്ടാവുമോയെന്ന കാര്യം തീരുമാനിക്കേണ്ടത് വിദഗ്ധരാണ്.

സാധാരണ നിലയിൽ ഇത് അങ്ങേയറ്റം അപകടകരമാണ്. എന്നാൽ, ഖരമാലിന്യങ്ങളില്ലെന്ന് ഉറപ്പിച്ചു പറയുന്ന അധികൃതർക്ക് ഇതൊന്നും കേൾക്കാൻ സമയമില്ല; സന്മനസ്സുമില്ല.